ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) കട്ടനാട് പാക്കേജിന്റെ ഭാഗമായി ജലവിഭവ വകുപ്പ് വിഭാവനം ചെയ്ത പദ്ധതികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാതെ പോയതിന്റെ കാരണങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) ലൂക അനുവദിക്കുന്നതിലും അനുവദിച്ച ലൂക വിനിയോഗിക്കുന്നതിലും ബോധപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ല. എന്നാൽ കെ.ഇ.എൽ-1, കെ.ഇ.എൽ-2 സ്കീമിന് കേന്ദ്രവിഹിതത്തിന്റെ രണ്ടാം ഗഡു ലഭ്യമാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. ആയതിനാൽ പ്രസ്തുത സ്കീമിന് സംസ്ഥാന വിഹിതം കൂടുതലായി വിനിയോഗിക്കേണ്ടി വന്നു.

(ഡി) നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന താഴെ പറയുന്ന പദ്ധതികൾക്ക് കേന്ദ്ര സർക്കാർ സമയം നീട്ടി നൽകിയിട്ടുണ്ട്.

സ്കീമിന്റെ പേര്	നീട്ടിക്കിട്ടിയ സമയപരിധി
കെ.ഇ.എൽ-1	31-3-2015
കെ.ഇ.എൽ-2	31-3-2015
കെ.ഇ.എൽ-3	31-12-2016
കെ.ഇ.എൽ-4	31-12-2016

അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികളും പഴങ്ങളും

17 (*77) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മാരകവിഷം തളിച്ച പച്ചക്കറികളും പഴങ്ങളും തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നാണ് ഉറപ്പ് നൽകിയിരുന്നത് ; ഇതിൽ ഏതൊക്കെ നടപ്പിലാക്കിയിട്ടുണ്ട് ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മാരകവിഷം തളിച്ച പച്ചക്കറികളും പഴങ്ങളും തടയുവാൻ എന്ത് നടപടിയാണ് എടുത്തിട്ടുള്ളത് ;

(സി) വിഷമയമായ സാധനങ്ങൾ വിൽക്കുന്ന മൊത്തക്കച്ചവടക്കാർക്കും മറ്റുമെതിരെ കർശന നടപടി സ്വീകരിക്കുമോ ;

(ഡി) രാസവസ്തുക്കളുടെ സാന്നിദ്ധ്യം പരിശോധിക്കാനുള്ള സംവിധാനങ്ങൾ എവിടെയൊക്കെയാണ് ഉള്ളതെന്നും അതിനുവരുന്ന ചെലവ് എത്രയെന്നും അറിയിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ ആന്റ് ബി) സംസ്ഥാനത്തേക്ക് കൂടുതൽ പച്ചക്കറി എത്തുന്ന സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ഫലപ്രദമായ നടപടി സ്വീകരിക്കുവാനും കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമെന്നുമാണ് ഉറപ്പു നൽകിയിരുന്നത്. ടി ഉറപ്പിന്റെയും മേൽവിഷയത്തിന്റെ ഗൗരവവും ഉൾക്കൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18-11-2014-ൽ വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് കൊണ്ടുവരുന്ന പഴങ്ങളിലെയും പച്ചക്കറികളിലെയും അമിത കീടനാശിനിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ ചെയർപേഴ്സനായി കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ ഡയറക്ടർമാർ, വെള്ളായണി കാർഷിക കോളേജിലെ പ്രൊഫ. ഡോ. ബിജു തോമസ് മാത്യു, വാണിജ്യനികുതി വകുപ്പ് ജോയിന്റ് കമ്മീഷണർ എന്നിവർ അംഗങ്ങളായി ഒരു ഉന്നതതല കമ്മിറ്റി സർക്കാർ ഇതിനകം രൂപീകരിച്ചിട്ടുണ്ട്. ടി ഉന്നതതല കമ്മിറ്റിയുടെ തീരുമാന പ്രകാരം ഭക്ഷ്യസുരക്ഷാ ജോയിന്റ്കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്നംഗ ഉദ്യോഗസ്ഥ സംഘം തമിഴ്നാട്ടിലെ പ്രധാനപ്പെട്ട പച്ചക്കറി ഉൽപ്പാദന വിതരണ മൊത്തകച്ചവടമേഖലകൾ നേരിട്ട് സന്ദർശിച്ച് ഇത് സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് സർക്കാരിലേക്ക് ഇതിനകം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഉന്നതതല കമ്മിറ്റിയുടെ തീരുമാനപ്രകാരം സംസ്ഥാനത്തെ പച്ചക്കറി മൊത്ത വ്യാപാരി കളുടെ ഒരു അടിയന്തരയോഗം തിരുവനന്തപുരത്ത് വിളിച്ചുചേർക്കുവാൻ ഇതിനകം തീരുമാനിച്ചിട്ടുണ്ട്. തുടർനടപടികളുടെ ഭാഗമായി അന്തർസംസ്ഥാന ചെക്ക്പോസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രീകരിച്ച് സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന പച്ചക്കറികളുടെ കൂടുതൽ വിശദാംശങ്ങൾ തേടുന്നതിനായി വിൽപ്പന നികുതി വകുപ്പിന്റെ സേവനവും തേടിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ വിപണികളിൽ നിന്ന് കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെകൂടി സേവനം ഉപയോഗപ്പെടുത്തി കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിക്കുവാനും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറും കൃഷി വകുപ്പുമായി കൂടുതൽ വിപുലവും ക്രിയാത്മകവുമായ ചർച്ച ഉടൻതന്നെ സംഘടിപ്പിക്കുന്നതാണ്.

(സി) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

(ഡി) നിലവിൽ സംസ്ഥാനത്ത് വെള്ളായണി കാർഷിക കോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ ടി സംവിധാനം ലഭ്യമായിട്ടുള്ളതും കൂടാതെ എഫ്.എസ്.എസ്.എ.ഐ. അംഗീകാരമുള്ള എറണാകുളത്ത് സ്ഥിതി ചെയ്യുന്ന സ്റ്റെർലിംഗ് ടെസ്റ്റ് ലാബിലും ലഭ്യമാണ്. 4000 മുതൽ 8000 രൂപ വരെയാണ് ഓരോ സാമ്പിളിനും പരിശോധനയ്ക്കായി നിലവിൽ ഈടാക്കുന്നത്.

ഇടുക്കി ഡാമിന്റെ സുരക്ഷയെക്കുറിച്ചുള്ള കേന്ദ്ര ജലകമ്മീഷന്റെ പഠന റിപ്പോർട്ട്

18 (*78) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ഡാമിന്റെ സുരക്ഷയെക്കുറിച്ചുള്ള കേന്ദ്ര ജല കമ്മീഷന്റെ പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിലെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) വെള്ളം നിറയുമ്പോൾ ഡാമിന്റെ പുറത്തേയ്ക്കുള്ള തള്ളലിൽ വ്യത്യാസമുണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഡാമിന്റെ കോൺക്രീറ്റ് ബ്ലോക്കുകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിലെ നിഗമനങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly